(ബി) ആം'ഡ് റിസർവ്വിനു് ഫാമിലി ക്വാർട്ടേഴ്സ് പണിയുന്നതിനായി തുപ്പണിത്തുറയിലെ ഹിൽ പാലസിനടുത്തു് 14 ഏക്കർ 51 സെന്റു് സ്ഥലം തെരഞ്ഞെടുത്തിട്ടുണ്ടു്. തുപ്പണിത്തുറയിൽ ഹിൽ പാലസിനടുത്തുതന്നെ എറണാകുളത്തെ ആം'ഡ് റിസർവ്വിനുള്ള ബാരക്കുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണു്.

(സി) തുപ്പണിത്തുറയിൽ ഇപ്പോഴും പണിതുകൊണ്ടിരിക്കുന്ന ബാരക്കുകളിൽ എറണാകുളം ഡിസ്ട്രിക്റ്റിലെ ആകെയുള്ള അഞ്ചു് കമ്പനിയിലെ മൂന്നര കമ്പനിയെ മാത്രമേ പാർപ്പിക്കാൻ കഴിയൂ. ബാക്കിയുള്ള ഒന്നര കമ്പനിയെ എറണാകുളം ക്യാമ്പിൽതന്നെ പാർപ്പിക്കേണ്ടതായാണിരിക്കുന്നതു്. തുപ്പണിത്തുറയിലെ ഇപ്പോഴുള്ള ബാരക്കുകളും പഴകി ജീർണ്ണിച്ച അവസ്ഥയിലാണു്, അതുകൊണ്ടു് ഇവ മറ്റു സർക്കാർ ആഫീസുകളുടെ ഉപയോഗത്തിനു് ഉതകുന്നതല്ല.

(ഡി) 'സി' യ്ക്കു് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇതു് ഉദിക്കുന്നില്ല.

ശ്രീ ടി. കെ. രാമകൃഷ്ണൻ : അവിടെ ഇപ്പോഴുള്ള കെട്ടിടങ്ങളും പഴകി ജീർണ്ണിച്ചതാണെങ്കിലും ഇപ്പോഴുംതന്നെ അവിടെ വാടകക്കെട്ടിടങ്ങളിൽ അനവധി ആഫീസുകളും സ്ഥാപിച്ചിട്ടുള്ളതിനെ പരിഗണിച്ചു് ഈ സ്ഥലത്തു് പുതിയ കെട്ടിടങ്ങളും പണിതു് ഈ ആഫീസുകളും മാറ്റി സ്ഥാപിക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ എല്ലാ ആഫീസുകളും അവിടെ മാറ്റി സ്ഥാപിക്കാൻതക്കവണ്ണമുള്ള കെട്ടിടങ്ങളും പണിയാൻമാത്രം പണം ഗവണ്മെന്റിന്റെ കൈവശമില്ലാത്തതുകൊണ്ടു് ആ നടപടി സ്വീകരിച്ചില്ല.

വില്ലേജ് വാട്ടർസപ്ലൈ

* 735. [10] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വില്ലേജ് വാട്ടർസപ്ലൈക്കു് എത്ര ലക്ഷം രൂപാ നീക്കിവച്ചിരുന്നു;

(ബി) 1963 ഡിസംബർ 31 വരെ എത്ര വർക്കുകൾ തുടങ്ങിയിട്ടുണ്ടു്;

(സി) ഏതെല്ലാം വർക്കുകൾ തീർന്നിട്ടുണ്ടു്;

(ഡി) ഇനി എത്ര വർക്കുകൾ തീരാനുണ്ടു്;

(ഇ) തീരാനുള്ള വർക്കുകൾ സാമ്പത്തിക വർഷാവസാനത്തിൽ തീരുമോ;

(എഫ്) ഇല്ലായെങ്കിൽ തീർക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 50,000 രൂപാ.

(ബി) 3.

(സി) എല്ലാ സ്കീമുകളുടെയും പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്.

(ഡി) ഇപ്പോൾ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നവയ്ക്കു് പുറമേ 5 പദ്ധതികളുടെ പണികൂടി തീരാനുണ്ടു്.

(ഇ) ആവശ്യത്തിനുള്ള പൈപ്പുകൾ ലഭിക്കുകയാണെങ്കിൽ ഈ സാമ്പത്തികവർഷത്തിൽത്തന്നെ തുടങ്ങിയ പദ്ധതികളുടെ പണികൾ പൂർത്തിയാകും.

(എഫ്) പൈപ്പുകൾ ലഭിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കൃഷ്ണൻ: കൊല്ലം വില്ലേജിൽപ്പെട്ട ശക്തികുളങ്ങരയുള്ള പത്തുരണ്ടായിരം കുടുംബങ്ങൾക്കുമാത്രം ഇപ്പോഴും വെള്ളം കിട്ടിക്കൊണ്ടിരിക്കുന്നുള്ളൂ. അതിനു അടുത്തുള്ള രാമൻകുളങ്ങര പടിഞ്ഞാറുവശത്തു താമസക്കാർക്കു ഇപ്പോഴും വെള്ളം കിട്ടുന്നില്ല എന്നുള്ളതു കൊണ്ടു ഈ വില്ലേജ് വാട്ടർസപ്ലൈ സ്കീം ശക്തികുളങ്ങര പഞ്ചായത്തു ഏരിയാമുഴുവനും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇപ്പോഴും പ്രത്യേകമായിട്ടു നിർദ്ദേശമില്ല. എന്നാൽ അതിന്റെ ഒരു ഭാഗമായിട്ടു വെള്ളം ആവശ്യത്തിനു കൊടുക്കാൻ ഒരു സ്കീം ഉണ്ടെന്നാണെന്റെ ഓർമ്മ.

റബ്ബർ പ്ലാന്റേഷൻ

* 736. [12] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷേത്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ പ്ലാന്റേഷനു് ഭൂമി പതിച്ചുകൊടുക്കുന്നതിനു് ഇപ്പോഴും വല്ല പദ്ധതിയും ഉണ്ടോ;

(ബി) ഇതുവരെ ഈ പദ്ധതിയനുസരിച്ചു തുടങ്ങിയ പ്ലാന്റേഷൻ തുപ്പികരണാംവിധം പുരോഗമിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കൂടുതൽ സ്ഥലം ഭൂരഹിതരായവർക്കു് നൽകുന്നതിനു എൻപ്പാട് ചെയ്യുമോ?

ക്ഷേത്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) ഈ പദ്ധതി തൽക്കാലത്തേക്കു നിറുത്തിവച്ചിരിക്കുകയാണു്.

(ബി) ഉണ്ടു്.

(സി) റബ്ബർപ്ലാന്റേഷനു പതിച്ചുകൊടുക്കുവാൻ പറഞ്ഞിയ വനഭൂമി കുറവായതുകൊണ്ടു തൽക്കാലം ഈ സ്കീമനുസരിച്ചു കൂടുതൽ ഭൂമി പതിച്ചുകൊടുക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. കെ. ആർ. വിജയൻ: മൊത്തം എത്ര ഏക്കർ ഭൂമിയാണു് വിതരണം ചെയ്യാനുദ്ദേശിച്ചിരുന്നതു്; അതിലെത്ര കൊടുത്തു എന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസു്: ഏകദേശം 30,000 ഏക്കർ ഭൂമി കൊടുക്കണമെന്നുണ്ടായിരുന്നു. അതുമുഴുവൻ കൊടുത്തില്ല. ഉദ്ദേശം 7000 ഏക്കർ ഭൂമി കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. എ. ആൻറണി: കൊടുത്തിട്ടുള്ള ഭൂമിയിൽ ഓക്യുപൈ ചെയ്യാതിരിക്കുന്നതായിട്ടുള്ള ഭൂമി മറ്റുള്ളവർക്കു പതിച്ചുകൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: മറ്റുള്ളവർക്കു പതിച്ചുകൊടുക്കും.

ശ്രീമതി കുസുമം : തൊടുപുഴ താലൂക്കിൽ റബ്ബർ കൃഷിക്കു പതിച്ചുകൊടുക്കാനായി ക്ലിയർചെയ്തു എടുത്ത ഭൂമി അതിനു ഉപയുക്തമല്ലാ എന്നു പറഞ്ഞു. അതു അങ്ങനെ നീക്കിവച്ചിരുന്നു എന്നാണു് മുമ്പു ഈ സഭയിൽ പറഞ്ഞിട്ടുള്ളതു്. അതു അങ്ങനെ റബ്ബർകൃഷിക്കുപയുക്തമല്ലാ എന്നു പ്രഖ്യാപിച്ചതുകൊണ്ടു അതു കിടപ്പാടമില്ലാത്തവർക്കു പതിച്ചു കൊടുക്കുന്നകാര്യം ആലോചിക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: അതു റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും തീരുമാനിക്കേണ്ടതാണു്. അതു ആക്ടം കൊള്ളുകില്ലെന്നു പറഞ്ഞാൽ പിന്നെ കിടപ്പാടമില്ലാത്തവർക്കു കൊടുക്കുന്നതെന്തിനാണു്?

LIBRARY ARCHIVES Kerala Legislative Assembly